(സി) ഈ മോഷണത്തിന്റെ ഫലമായി എന്തു നാശനഷ്ടങ്ങൾ ഉണ്ടാ യിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1239 മോഷണങ്ങൾ

(ബി) ക്രിസ്ത്യൻ പള്ളി – 362

മുസ്ലീം പള്ളി – 61

ക്ഷേത്രങ്ങൾ – 816

(സി) കേസന്വേഷണം നടന്നു വരികയാണ്.

കുരിശടി തകർക്കപ്പെട്ട സംഭവം

68(1545) ശ്രീ. ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊടിയാറ്റുവിള സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളി യുടെ അമ്പലത്തുവിള ജംഗ്ഷനിലെ കുരിശടി 2000-ാമാണ്ട് ഫെബ്രുവരിയിൽ തകർക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇവിടെ മറ്റ് ഏതൊക്കെ നാശനഷ്ടങ്ങൾ വരുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) അതേ ദിവസം തന്നെ വാളകം സെന്റ്മേരീസ് പള്ളിയുടെ കുരി ശടിയും തകർക്കപ്പെട്ടുവോ;

(ഡി) ഈ അക്രമങ്ങൾ നടത്തിയതാരാണെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ; എങ്കിൽ ആരാണെന്നു വ്യക്തമാക്കുമോ;

(ഇ) അവരെ അറസ്റ്റ് ചെയ്തുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുരിശടിയുടെ മുൻവശത്തെ ചില്ലും പ്രതിമയുടെ ഇടതുവ ശത്തെ ഭാഗവും തകർക്കപ്പെട്ടിട്ടുണ്ട്.

(സി) 2000 ഫെബ്രുവരി 10-ാം തീയതി 6 പി.എം.നും 2000 ഫെബ്രു വരി 11-ാം തീയതി 6 പി.എം.നും ഇടയ്ക്ക് ഏതോ സമയം തകർക്കപ്പെട്ടു.

(ഡി ആന്റ് ഇ) രണ്ടു സംഭവങ്ങളിലേയും പ്രതികളെ തിരിച്ചറിഞ്ഞിട്ടി ല്ല. ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

സ്ഫോടനങ്ങൾ

69(1547) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര സ്ഫോടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഈ സ്ഫോടനങ്ങളിൽ മരിച്ചവരെത്ര, അംഗഭംഗം സംഭവിച്ചവ രെത്ര; പരിക്കേറ്റവർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly